# സാമൂഹ്യ ശാസ്ത്രം - ക്ലാസ്സ്: 6

# യൂണിറ്റ് 2 മധ്യ കാല ഇന്ത്യ; സമൂഹം വിഭവം വിനിമയം

**വിലയിരുത്താം**

**1. മധ്യകാല ഇന്ത്യയിലെ കാർഷിക പ്രവർത്തനങ്ങൾ മികവുറ്റതായിരുന്നു. വിശദമാക്കുക**

**ഉത്തരം:** സുൽത്താൻമാരുടെ ഭരണ കാലഘട്ടത്തിൽ കൃഷിയും വ്യവസായവും പുരോഗതി പ്രാപിച്ചിരുന്നു. പല രാജാക്കൻമാരും ജലസേചന സൗകര്യങ്ങളും വായ്പാ സമ്പ്രദായങ്ങളും ഏർപ്പെടുത്തി. പഞ്ചസാര നിർമാണം, ലോഹപ്പണികൾ, വസ്ത്ര നിർമാണം എന്നീ വ്യവസായങ്ങൾ വളർന്നു വന്നുവെങ്കിലും കൃഷിയായിരുന്നു അക്കാലത്തെ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗം.

വിജയനഗര രാജാക്കൻമാരുടെ കാലത്തും കൃഷി അഭിവൃദ്ധി പ്രാപിച്ചു. മുഗൾ കാലഘട്ടത്തിലെ കാർഷിക പുരോഗതിയും ശ്രദ്ധേയമാണ്.

**2. നെയ്ത്തിന്റേയും കച്ചവടത്തിന്റേയും വ്യാപനം നഗരങ്ങളുടെ വളർച്ചയെ സഹായിച്ചതെങ്ങിനെ?**

**ഉത്തരം:** ഇന്ത്യൻ നെയ്ത്തുകാർ വ്യത്യസ്ത ഗുണത്തിലും നിറത്തിലുമുള്ള വസ്ത്രങ്ങൾ ഉൽപ്പാദിപ്പിച്ചു. പട്ട്, പരുത്തി, കമ്പിളി എന്നിവയാൽ നിർമ്മിച്ച വസ്ത്രങ്ങൾ അവയിൽ പ്രധാനപ്പെട്ടവയായിരുന്നു. വാണിജ്യ രംഗത്തെ അഭിവൃദ്ധി നിരവധി വിദേശികളെ ഇന്ത്യയിലേക്ക് ആകർഷിച്ചു. ഉൽപ്പാദന കേന്ദ്രങ്ങളെയും ചന്തകളേയും കേന്ദ്രീകരിച്ചാണ് നഗരങ്ങൾ വളർന്നു വന്നത്.

**3. മധ്യകാല ഇന്ത്യയിലേക്ക് സഞ്ചാരികളേയും കച്ചവടക്കാരേയും ആകർഷിച്ച ഘടകങ്ങൾ എന്തെല്ലാം?**

**ഉത്തരം:** ഇന്ത്യയിലെ സുഗന്ധ വ്യഞ്ജനങ്ങൾ, ചന്ദനം, ലോഹങ്ങൾ, മുത്ത്, ആനക്കൊമ്പ്, തുടങ്ങിയ വിഭവങ്ങളാണ് വ്യാപാരികളെ ഇന്ത്യയിലേക്ക് ആകർഷിച്ചത്.

**4. മധ്യകാല ഇന്ത്യ വിജ്ഞാന രംഗത്ത് കൈവരിച്ച പുരോഗതി പരിശോധിക്കുക?**

**ഉത്തരം:** ബനാറസ്, ആഗ്ര, ലാഹോർ, കാഞ്ചി, മധുര, ഡൽഹി മുതലായവ മധ്യകാല ഇന്ത്യയിലെ വിദ്യാകേന്ദ്രങ്ങളായിരുന്നു. ഭരണ കർത്താക്കൾ ജ്യോതിശാസ്ത്രം, ഗണിതം എന്നീ രംഗങ്ങളെ പ്രോൽസാഹിപ്പിച്ചിരുന്നു. ഉജ്ജയിനി, വാരാണസി, മഥുര, ഡൽഹി എന്നിവിടങ്ങളിൽ വാന നിരീക്ഷണ കേന്ദ്രങ്ങൾ നിർമ്മിച്ചിരുന്നു.

അങ്കഗണിതം, ബീജഗണിതം, ക്ഷേത്രഗണിതം എന്നിവയുടെ പഠനത്തിൽ മുഗൾ കാലഘട്ടത്തിൽ ഗണ്യമായ പുരോഗതി പ്രാപിച്ചു. ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം എന്നീ വിജ്ഞാനശാഖകൾ അക്കാലത്ത് പുരോഗതി നേടി. ഭാസ്കരാചാര്യർ രചിച്ച 'ലീലാവതി' ശ്രദ്ധേയമായ ഗണിതശാസ്ത്ര ഗ്രന്ഥമായിരുന്നു. നിരവധി കൃതികൾ പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ജയ്പ്പൂർ, ഡൽഹി, ഉജ്ജയിനി, ബനാറസ് എന്നിവിടങ്ങളിൽ വാന നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു.

# കൂടുതൽ ചോദ്യങ്ങളും ഉത്തരങ്ങളും

**5. 'എ' കോളത്തിലുള്ളവയെ 'ബി' കോളവുമായി ഉചിതമായ രീതിയിൽ യോജിപ്പിക്കുക**

| എ | ബി |
|---|---|
| അൽബറൂനി | മൊറോക്കോ |
| നിക്കോളോ കോണ്ടി | ഇംഗ്ലണ്ട് |
| ഇബ്നു ബത്തൂത്ത | ഇറ്റലി |
| റാൽഫ് ഫിച്ച് | ഫ്രാൻസ് |
| ബർണിയർ | മധ്യേഷ്യ |

**ഉത്തരം:**

| എ | ബി |
|---|---|
| അൽബറൂനി | മധ്യേഷ്യ |
| നിക്കോളോ കോണ്ടി | ഇറ്റലി |
| ഇബ്നു ബത്തൂത്ത | മൊറോക്കോ |
| റാൽഫ് ഫിച്ച് | ഇംഗ്ലണ്ട് |
| ബർണിയർ | ഫ്രാൻസ് |

**6. മധ്യകാല ഇന്ത്യയിലെ പ്രധാന വിദ്യാ കേന്ദ്രങ്ങൾ ഏവ?**

**ഉത്തരം:** ബനാറസ്, ആഗ്ര, ലാഹോർ, കാഞ്ചി, മധുര, ഡൽഹി മുതലായവ.

**7. മധ്യകാലത്ത് ഇന്ത്യയുമായി വ്യാപാരം നടത്തിയ പുറം രാജ്യക്കാർ ആരെല്ലാം?**

**ഉത്തരം:** ചൈനക്കാർ, അറബികൾ, പോർച്ചുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ.

**8. മധ്യകാല ഇന്ത്യയിലെ പ്രധാന വാണിജ്യ കേന്ദ്രങ്ങളിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു.**

**ഉത്തരം:** ആഗ്ര, അഹമ്മദാബാദ്, ഹമ്പി, തഞ്ചാവൂർ, കൊച്ചി, കാഞ്ചീപുരം

ഈ സ്ഥലങ്ങൾ ഇന്ന് സ്ഥിതി ചെയ്യുന്ന സംസ്ഥാനങ്ങൾ ചേർത്ത് പട്ടിക നിർമ്മിക്കുക

**ഉത്തരം**

| വാണിജ്യ കേന്ദ്രങ്ങൾ | സംസ്ഥാനം |
|---|---|
| ആഗ്ര | ഉത്തർ പ്രദേശ് |
| അഹമ്മദാബാദ് | ഗുജറാത്ത് |
| ഹമ്പി | ഗുജറാത്ത് |
| തഞ്ചാവൂർ, | തമിഴ്നാട് |
| കൊച്ചി | കേരളം |
| കാഞ്ചീപുരം | തമിഴ്നാട് |

12. ഇന്ത്യയുടെ ഭൂപടം വരച്ച് മധുര, സൂറത്ത്, ആഗ്ര, ഡൽഹി എന്നിവ അടയാളപ്പെടുത്തുക.

